(ഇ) പരാതിയുടെ അടിസ്ഥാനത്തിലാണോ ഈ പരിശോധന നടത്തുന്നത്;

(എഫ്) യാതൊരു ക്രമക്കേടുകളും നടത്തിയിട്ടില്ലാത്ത സ്കൂളുകളിലെ അദ്ധ്യാപകർക്കെങ്കിലും ഏതാനും വിദ്യാർത്ഥികളുടെ ഹാജർ കുറവ് പരിഗണിക്കാതെ സംരക്ഷണം നൽകാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) സ്കൂളുകളിലും ജില്ല-ഉപജില്ല വിദ്യാഭ്യാസ ആഫീസുകളിലും ഉപരിപരിശോധന നടത്തി സ്റ്റാഫ് ഫിക്സേഷനിൽ ക്രമക്കേടുകൾ ഉള്ളത് കണ്ടുപിടിക്കുകയും അവയെ തടയാൻ നടപടി സ്വീകരിക്കുകയും ചെയ്യുക.

(ബി) 86 (എൺപത്തിയാറ്)

(സി) ഇതുവരെ ആർക്കും ജോലി നഷ്ടപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) പരാതിയുടെ അടിസ്ഥാനത്തിലും അല്ലാതെയും പരിശോധന നടത്തുന്നുണ്ട്.

(എഫ്) കെ. ഇ. ആറിലെ വ്യവസ്ഥകൾക്ക് വിധേയമായി സംരക്ഷണം അർഹിക്കുന്നവർക്ക് അത് ലഭ്യമാകുന്നതാണ്.

സപ്ലിമെന്റ് റീസർവേ

* 768 [836] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീസർവേയ്ക്കു പകരം സപ്ലിമെന്റ് റീസർവേ എന്ന പേരിൽ ഇപ്പോൾ നിലവിലുള്ള പഴയ രേഖകൾ അനുസരിച്ച് ഭൂരേഖ പരിപാലന ജോലിയാണ് നടത്തുന്നത് എന്നു കേൾക്കുന്നത് ശരിയാണോ;

(ബി) ഇപ്പോഴത്തെ ഭൂസ്ഥിതി പഴയ റിക്കാർഡുകളുമായി പൊരുത്തമില്ലാത്തതുകൊണ്ട് മുൻരേഖയുടെ അടിസ്ഥാനത്തിൽ സർവേ നടത്തുമ്പോൾ രേഖയിലുള്ള സ്ഥലം അതിനനുസരിച്ചുതന്നെ എല്ലാം കൈകാര്യം ചെയ്യുന്നുവെന്നു രേഖപ്പെടുത്തുമ്പോൾ വ്യാജ രേഖകൾ ഉണ്ടാക്കി മിച്ചഭൂമിയിൽനിന്നും ഒഴിവാക്കാൻ ശ്രമിക്കുന്ന ജൻമിമാരെ സഹായിക്കുകയാണ് ചെയ്യുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പുതിയ സപ്ലിമെന്റ് റീസർവേക്ക് ചെലവ് കുറവാണെന്ന് ഗവൺമെന്റ് കരുതുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ ചെലവ് കൂടുതലാണെന്ന കാര്യം ഗവൺമെന്റ് ശ്രദ്ധിക്കുമോ;

(ഡി) ചില സർവേ നമ്പരുകളിൽ സപ്ലിമെന്റ് സർവേക്കുള്ള ചെലവ് റീസർവേക്കുവരുന്ന ചെലവിന്റെ രണ്ടിരട്ടിയും മൂന്നിരട്ടിയും വരുന്നുണ്ട് എന്നതു ശ്രദ്ധിക്കുമോ?

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ):

(എ) ശരിയാണ്. പഴയരേഖകൾ അനുസരിച്ച് വസ്തുക്കളുടെ അതിരുകൾ നിലനിർത്തി ഒറിജിനൽ സർവേയ്ക്കുശേഷം ഉണ്ടായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

മാറ്റങ്ങളെല്ലാം ഉൾക്കൊള്ളിച്ച് സർവേ റിക്കാർഡുകൾ അപ്പ്ഡേറ്റ് ചെയ്യുന്ന ജോലിയാണ് സപ്ലിമെന്റൽ സർവേകൊണ്ട് ഉദ്ദേശിക്കുന്നത്. ഇപ്രകാരം ചെയ്യുന്നത് മുൻപുള്ള സർവേ റിക്കാർഡുകൾ ഏകദേശം തൃപ്തികരമായ സ്ഥലങ്ങളിലാണ്.

(ബി) ഇല്ല. പഴയ രേഖകൾ അനുസരിച്ച് ഭൂമിയിൽ വസ്തുക്കളുടെ അതിരുകൾ നിലനിർത്തി സർവേ ചെയ്യുന്നതിനാൽ വ്യാജ രേഖകൾ ഉണ്ടാക്കാൻ സാദ്ധ്യമല്ല. കാരണം വ്യാജരേഖകളുണ്ടാക്കിയാൽ അതിനുശേഷം നടക്കുന്ന പരിശോധന സമയത്ത് അത് കണ്ടുപിടിക്കപ്പെടും. കൂടാതെ കൈവശങ്ങൾ നോക്കാതെ പഴയ അളവുകളെ മാത്രം അടിസ്ഥാനപ്പെടുത്തി സർവേചെയ്യുന്നതിനാൽ അതിൽ വ്യാജരേഖകൾ ഉണ്ടാക്കാൻ നിവർത്തിയില്ല എന്നത് വ്യക്തമാണ്.

(സി, ഡി) സപ്ലിമെന്ററി സർവേകൾ സർവേയേതരക്കാരെ ഏല്പിച്ചു കൂടാത്തതാണെന്നാണ് ഗവൺമെന്റിന്റെ അറിവ്.

തിച്ചഭൂമിയായി പ്രഖ്യാപിക്കുന്ന നിലങ്ങളിലെ തൊഴിലാളികൾ

* 769 [837] ശ്രീ. വി. എം. സുന്ദരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) കേരളത്തിൽ മിച്ചഭൂമിയായി നിലങ്ങളെ നിജപ്പെടുത്തുന്നതുവരെ അതേനിലത്തിൽ തൊഴിൽ ചെയ്തുവരുന്ന കർഷകതൊഴിലാളികളെ ജില്ലാ അധികൃതർ ഭീക്ഷണിപ്പെടുത്തി തൊഴിൽ ഒഴിപ്പിക്കുന്നതു നിയമവിധേയമാണോ;

(ബി) അതെങ്കിൽ ഏതു വകുപ്രകാരമാണ്;

(സി) അല്ലെങ്കിൽ അവർക്ക് തൊഴിൽ സ്ഥിരത നൽകാൻ നടപടി എടുക്കുമോ?

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. മേബബി ജോൺ):

(എ,ബി,സി) മിച്ചഭൂമിയായി നിലങ്ങളെ നിജപ്പെടുത്തുന്നതുവരെ അതേനിലത്തിൽ തൊഴിൽ ചെയ്തുവരുന്ന കർഷകതൊഴിലാളികളെ ജില്ലാഅധികൃതർ ഭീക്ഷണിപ്പെടുത്തി തൊഴിലൊഴിപ്പിക്കുന്നതായി യാതൊരു പരാതിയും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഫാമിൻ റിലീഫ് പദ്ധതി

* 770 [838] ശ്രീ. പി. റ്റി. കുഞ്ഞുട്ടി ഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) ഫാമിൻ റിലീഫ് പദ്ധതിപ്രകാരം ഗവൺമെന്റ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്;

(ബി) ഫാമിൻ റിലീഫ് പദ്ധതിയനുസരിച്ച് ഉള്ള പരിപാടികൾക്കുള്ള ഫണ്ട് സമയക്കുറവുകൊണ്ട് ലാപ്സായി പോകുന്നുവെന്നു പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly